## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ആർ. ഗിരിജ ഐ.എ.എസ്)

വിഷയം :- പഞ്ചായത്ത് വകുപ്പ് – ഭരണജാഗ്രത – മലപ്പുറം ജില്ല – എടപ്പറ്റ ഗ്രാമപഞ്ചായത്ത് – സെക്രട്ടറി ശ്രീ.ജോയ്ജോൺ എന്നവരെ സേവനത്തിൽ നിന്നും സസ്പെൻറ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:-1)സർക്കാരിന്റെ 20.03.2019 ലെ ഇ.പി.ബി 3/53/2019/ തസ്വഭവ നമ്പർ കത്ത്

2)സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട്

3) മലപ്പുറം ജില്ലാ ഇലക്ഷൻ ഓഫീസർക്ക് 22.03.2019 തീയതിയിൽ നൽകിയ ഇതേ നമ്പർ കത്ത്

4) മലപ്പുറം ജില്ലാ ഇലക്ഷൻ ഓഫീസറുടെ 23.03.2019 തീയതിയിലെ 849/2019/പി1 നമ്പർ കത്ത്

## ഉത്തരവ് നമ്പർ.PAN/4011/2019-(D4)DP തീയതി.28.03.2019

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റായിരുന്ന ശ്രീ.കബീർ മാസ്റ്റർ വ്യാജരേഖ ചമച്ച് ആനുകൂല്യങ്ങൾ നേടി എന്ന പരാതിയിന്മേൽ സ്റ്റേറ്റ് പെർഫോമൻസ് ഹെഡ് ക്വാർട്ടേഴ്സ് ഓഡിറ്റ് ടീം അന്വേഷണത്തിനെത്തിയ സമയത്ത് എടപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ജോയ് ജോണിൻറെ ഭാഗത്തുനിന്നും നിസഹരണം ഉണ്ടായതായും പരാതി വിഷയവുമായി ബന്ധപ്പെട്ട ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്ന തിനും ടിയാൻറെ ഭാഗത്ത് വീഴ്ചയുണ്ടായതായും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.ജോയ്ജോൺ കൃത്യമായി ഓഫീസിൽ ഹാജരാകാറില്ലായെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴച വരുത്തുന്നുവെന്നും അന്വേഷണ സംഘം ആവശ്യ പ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കുറ്റകരമായ അനാസ്ഥ കാണിച്ചു എന്നതും കണക്കിലെടുത്ത് ടിയാനെ സസ്പെൻറ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടിയാനെ ഇലക്ഷൻ സംബന്ധമായ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നതിനാൽ ഇലക്ഷൻ ഡ്യൂട്ടിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിന് പരാമർശം (3) പ്രകാരം ജില്ലാ ഇലക്ഷൻ ഓഫീസർക്ക് കത്ത് നൽകുകയും പരാമർശം (4) പ്രകാരം ഇലക്ഷൻ സംബന്ധമായ ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്തതായി ജില്ലാ ഇലക്ഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി എടപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ജോയ് ജോണിന് ഉടൻ പ്രാബല്യത്തിൽ സസ്പെൻറ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാന് നിയമാനുസൃതമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**ആർ.ഗിരിജ ഐ എ എസ്**

പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ
അധിക ചുമതല വഹിക്കുന്ന
നഗരകാര്യ ഡയറക്ടർ

ശ്രീ.ജോയ് ജോൺ
സെക്രട്ടറി
എടപ്പറ്റ ഗ്രാമപഞ്ചായത്ത്
(മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:- 1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
2) സെക്രട്ടറി, എടപ്പറ്റ ഗ്രാമപഞ്ചായത്ത്
3) സൂപ്രണ്ട്, ഇ സെക്ഷൻ
4) കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്